വില്പന നികുതി സംബന്ധിച്ച് കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5(2)-ലെ വ്യവസ്ഥ

39 (3248)ശ്രീ. എം. എ. ചന്ദ്രശേഖരൻ :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇളവുകൾ ലഭ്യമായ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ വാങ്ങി വില്പനക്കാരന്റെ "ബ്രാന്റ് നെയിം" ഉപയോഗിച്ച് വില്ക്കുന്ന യൂണിറ്റുകൾ നൽകേണ്ട വില്പന നികുതിയെ സംബന്ധിച്ച് കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5(2)-ലെ വ്യവസ്ഥ എന്താണെന്ന് അറിയിക്കാമോ ;

(ബി) ഇത്തരം യൂണിറ്റുകൾ വാങ്ങി രണ്ടാം വില്പന നടത്തുന്ന "ട്രേഡിംഗ് ഗുഡ്സ്" സംബന്ധിച്ച് കെ.ജി.എസ്.റ്റി. ആക്ടിൽ 1998-ന് മുമ്പ് നിലവിലുണ്ടായിരുന്ന വ്യവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) 1958-ലെ "ട്രേഡ് ആന്റ് മർക്കന്റൈസ് മാർക്ക്സ് ആക്ട്" പ്രകാരം ട്രേഡ് മാർക്ക്/ബ്രാൻഡ് നെയിം ഉള്ളവർ എന്ന് വിവക്ഷ ചെയ്തിരുന്നത് ആരെയാണ് ;

(ഡി) തങ്ങൾ വില്ക്കുന്ന ഉല്പന്നങ്ങൾക്ക് പേര് ഉപയോഗിക്കുകയും എന്നാൽ Trade and Merchandise Marks Act പ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്ത ഒരു യൂണിറ്റിനെ ബ്രാൻഡ് നെയിം ഉള്ള യൂണിറ്റായി കണക്കാക്കാമോ ;

(ഇ) ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യാത്തതും നിയമപരമായി ബ്രാൻഡ് നെയിം അവകാശപ്പെടാൻ ഇല്ലാത്തതുമായ ഒരു യൂണിറ്റിനെ ബ്രാൻഡ് നെയിം ഉള്ള യൂണിറ്റായി കണക്കാക്കാമോ;

(എഫ്) ഏപ്രിൽ 2003-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് വരികയും തുടർന്ന് 2004-ൽ സർക്കാർ ഫിനാൻസ് ബിൽ പ്രകാരം വിശദീകരണം പുറപ്പെടുവിക്കുകയും ചെയ്യുന്നതുവരെ യൂണിറ്റുകൾക്കും നിയമജ്ഞർക്കും ബ്രാൻഡ് നെയിം ഉള്ളവർ എന്ന വിഭാഗത്തിൽ ആരൊക്കെ ഉൾപ്പെടും എന്ന കാര്യത്തിൽ ആശയക്കുഴപ്പം ഉണ്ടായിരുന്നുവോയെന്ന് അറിയിക്കാമോ;

(ജി) സ്വന്തം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരായ യൂണിറ്റുകൾ ഇളവ് ഉള്ള യൂണിറ്റുകളിൽ നിന്നും വാങ്ങിയ "Trading Goods"-ന് മേയ് 2002 വരെ സെക്ഷൻ 5(2) പ്രകാരം വില്പന നികുതി ഈടാക്കാതിരുന്നു എന്നതും 2002 ജൂണിൽ സെക്ഷൻ 45(എ) പ്രകാരം നോട്ടീസ് നൽകി എന്നതും വസ്തുത ആണോ;

(എച്ച്) 1998-2000 കാലയളവിൽ ഇത്തരം യൂണിറ്റുകൾ പ്രതിമാസ റിട്ടേണുകൾ സമർപ്പിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) സെക്ഷൻ 45(എ) പ്രകാരം 2002-ൽ നോട്ടീസ് നൽകുന്നതിന് മുമ്പുള്ള 4 വർഷക്കാലത്ത് ഏതെങ്കിലും ഒരു ഓഫീസർ ഏതെങ്കിലും നികുതിദായകന് അവർ നൽകുന്ന വില്പന നികുതിയിലെ അപാകത ചൂണ്ടിക്കാണിക്കുകയോ നിയമവശം വ്യക്തമാക്കി കൊടുക്കുകയോ ചെയ്തിട്ടുണ്ടോ;

(ജെ) നിയമം വിശകലനം ചെയ്യുന്നതിലുണ്ടായ ആശയക്കുഴപ്പംമൂലം സെക്ഷൻ 5(2) പ്രകാരം ഉള്ള വില്പന നികുതി പിരിക്കാതിരുന്ന യൂണിറ്റുകളെ പിരിക്കാത്ത നികുതി സ്വയം അടയ്ക്കണമെന്ന് നിർബന്ധിച്ച് ശിക്ഷിക്കുന്നത് ഉചിതവും നീതിയുക്തവുമാണ് എന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) വില്പന നികുതി നിയമത്തിലെ വകുപ്പ് 5(2) പ്രകാരം തേയില ഒഴികെയുള്ള ഉല്പന്നങ്ങൾ ഒരു ബ്രാന്റ് നെയിമിലോ, ട്രേഡ് മാർക്കിലോ ആയത് കൈവശമുള്ള ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് വില്ക്കുകയാണെങ്കിൽ അത്തരം വില്പനയെ സംസ്ഥാനത്തെ ആദ്യ വില്പനയായി കണക്കാക്കി നികുതിക്കു വിധേയമാക്കുകയെന്നതാണ് ഭേദഗതി. ഇളവുകൾ ലഭ്യമായ ചെറുകിട വ്യവസായ യൂണിറ്റുകളിൽ നിന്നും വാങ്ങിയെന്ന കാരണം കൊണ്ട് അവയെ നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നില്ല.

(ബി) നികുതി ഇളവുകൾ ഉള്ള ചെറുകിട യൂണിറ്റുകളിൽ നിന്നും വാങ്ങി പുനർവില്പന നടത്തുന്ന ഉല്പന്നങ്ങൾക്ക് 1998-ന് മുമ്പ് നികുതി ബാധ്യത ഉണ്ടായിരുന്നില്ല.

(സി) 1958-ലെ ട്രേഡ് ആക്ട് പ്രകാരം അവരവരുടെ ട്രേഡ് മാർക്ക് അഥവാ ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തിട്ടുള്ളവരെയാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പറഞ്ഞത് ബ്രാൻഡ് നെയിം ഉപയോഗിച്ച് വിൽക്കുന്ന ഉല്പന്നങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കൂടി നികുതി വിധേയമാണ് എന്നാണ്.

(ഇ) വകുപ്പ് 5(2)-ന്റെ സാധുതയെ ശരിവച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവിച്ചതിനാൽ രജിസ്റ്റർ ചെയ്യാത്തതും നിയമപരമായി അവകാശം ഉന്നയിക്കാത്തതുമായിട്ടുള്ള ബ്രാന്റ് നെയിം ഉപയോഗിച്ച് നടത്തുന്ന വില്പനയും നികുതി വിധേയമാക്കണമെന്ന് കണക്കാക്കും.

(എഫ്) യാതൊരു വിധ ആശയക്കുഴപ്പവും ഇല്ലായിരുന്നു.

(ജി) 2002-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വകുപ്പ് 5(2)-ന്റെ നിയമ സാധുത ശരിവച്ചുകൊണ്ട് ബ്രാൻഡ് നെയിം അഥവാ ട്രേഡ് മാർക്ക് ഉപയോഗിച്ച് വില്ക്കുന്ന സാധനങ്ങൾ നികുതി വിധേയമാണെന്നും ആയതിന് രജിസ്ട്രേഡ് മാർക്ക് ആവശ്യമില്ലെന്നും വിധിക്കുകയുണ്ടായി. അക്കാരണം കൊണ്ട് തന്നെ 1998 മുതൽ നടത്തിയ വില്പനയ്ക്ക് നികുതി നൽകേണ്ടതായും പ്രസ്തുത കാലയളവിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള റിട്ടേണുകളിൽ ബ്രാൻഡ് നെയിം വില്പനയെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച യഥാർത്ഥ വിറ്റുവരവ് വെളിപ്പെടുത്താതിരുന്നിട്ടുണ്ടെങ്കിൽ അത്തരം കേസുകൾ വില്പന നികുതി നിയമത്തിന്റെ ലംഘനമായി കണക്കാക്കി വകുപ്പ് 45(എ) പ്രകാരം ശിക്ഷണ നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്.

(എച്ച്) വകുപ്പ് 5(2) പ്രകാരം നികുതി ഈടാക്കുന്നതിനെതിരെ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് 1998-2002 കാലയളവിൽ നിലവിലുണ്ടായിരുന്നതിനാൽ പ്രതിമാസ റിട്ടേണുകളിൽ 5(2) പ്രകാരമുള്ള വിറ്റുവരവ് പ്രത്യേകം കാണിക്കുകയോ ആയതിന് നികുതി നൽകുകയോ ചെയ്തിട്ടില്ല.

(ഐ) ഇല്ല.

(ജെ) യാതൊരു ആശയക്കുഴപ്പവും ഉണ്ടായിട്ടില്ല. വില്പന നികുതി പിരിക്കേണ്ടിയിരുന്ന വ്യാപാരികളും യൂണിറ്റുകളും ആയത് ചെയ്യാത്തതുമൂലമുള്ള വിഴ്ചയ്ക്ക് സർക്കാർ ഉത്തരവാദിയല്ല.

കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5(2)-ന് വരുത്തിയ ഭേദഗതി

40 (3249) ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5(2)-ന് 1998-ൽ വരുത്തിയ ഭേദഗതി എന്തായിരുന്നു ;

(ബി) പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശ്യം എന്തായിരുന്നു ;

(സി) ഇളവുകൾ അനുവദിക്കപ്പെട്ട എസ്.എസ്.ഐ. യൂണിറ്റുകളും ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളും നിർമ്മിക്കുന്ന വസ്തുക്കൾ വാങ്ങുകയും തങ്ങളുടെ 'ബ്രാന്റ് നെയിം' ഉപയോഗിച്ച് വിൽക്കുകയും ചെയ്യുന്ന കമ്പനികൾ നൽകേണ്ട വില്പന നികുതിയെ സംബന്ധിച്ച് കെ.ജി.എസ്.റ്റി. ആക്ടിലെ സെക്ഷൻ 5(2)-ൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടോ ;

(ഡി) ഇളവുകൾ അനുവദിക്കപ്പെട്ട യൂണിറ്റുകളിൽ നിന്നും വാങ്ങി രണ്ടാം വില്പന നടത്തുന്ന ട്രേഡ്മാർക്ക്/ബ്രാന്റ് നെയിം രജിസ്ട്രേഷൻ ഉള്ള കമ്പനികളെയും രജിസ്ട്രേഷൻ ഇല്ലാത്ത കമ്പനികളേയും സംബന്ധിച്ച സെക്ഷൻ 5(2)-ന്റെ വിശകലനത്തിൽ എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടായിരുന്നോ എന്ന് വെളിപ്പെടുത്താമോ ;

(ഇ) 1958-ലെ ട്രേഡ് ആന്റ് മെർക്കന്റൈൽ മാർക്സ് ആക്ട് പ്രകാരം 'ട്രേഡ്മാർക്ക്/ബ്രാന്റ് നെയിം ഹോൾഡർ' എന്ന പദവിക്ക് അർഹതയുള്ളവർ ആരാണ് എന്ന് അറിയിക്കാമോ ;

(എഫ്) ഇതേക്കുറിച്ച് 2004-ലെ ഫൈനാൻസ് ആക്ട് പ്രകാരം പുറപ്പെടുവിച്ച വിശദീകരണം എന്തായിരുന്നു ;

(ജി) പ്രസ്തുത ആക്ടിന്റെ സെക്ഷൻ 5(2)-ന്റെ വ്യാഖ്യാനത്തിലും നടപ്പാക്കലിലും ആശയക്കുഴപ്പം ഇല്ലായിരുന്നുവെങ്കിൽ ആറ് വർഷങ്ങൾക്കു ശേഷം 2004-ലെ ഫിനാൻസ് ആക്ട് പ്രകാരം ഒരു വിശദീകരണം പുറപ്പെടുവിക്കുവാനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly